**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3885** **06-08-2021 - ൽ മറുപടിയ്ക്ക്**

**നട്ടീക്കടവ് റഗുലേറ്റർ-കം-ബ്രിഡ്ജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | 2020-21 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ കല്ല്യാശ്ശേരി മണ്ഡലത്തിലെ നട്ടീക്കടവ് റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ച പതിനാറര ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ അനുമതി ലഭ്യമാക്കുന്നതിനുള്ള തടസ്സമെന്താണെന്ന് വിശദമാക്കാമോ? | (എ) | 2020-21 വർഷത്തെ ബഡ്ജറ്റിലുൾപ്പെടുത്തിയ കല്ല്യാശ്ശേരി മണ്ഡലത്തിലെ നട്ടിക്കടവ് റഗുലേറ്റർ കം ബ്രിഡ്ജിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് 16.50 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടില്ല. പ്രസ്തുത പ്രവൃത്തിക്കു 15.30 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി 24.11.2020 ന് നൽകിയെങ്കിലും 30.01.2021 ന് ഐ.ഡി.ആർ.ബി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പ്രവൃത്തി സ്ഥലം പരിശോധിക്കുകയും പ്രവൃത്തിക്കു ആവശ്യമായ കൂട്ടിച്ചേർക്കലുകൾ നടത്തുന്നതിനുവേണ്ടി മാർഗ്ഗനിർദ്ദേശം നൽകിയതിന്റെയും അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പുനക്രമീകരിച്ച് 16.50 ലക്ഷം രൂപയ്ക്ക് പുതുക്കിയ സാമ്പത്തികാനുമതി നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരവെ ചില സാങ്കേതിക കാരണങ്ങളാൽ എസ്റ്റിമേറ്റ് ഐ.ഡി.ആർ.ബി. യിൽ നിന്നും തിരിച്ചയച്ചിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ